പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.714. — 30.6.2011 -ൽ മറുപടിക്ക്

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണ പുരോഗതി.

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ. | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് സർക്കാർ നൽകിയ ഭൂമിയിൽ ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി ശിലാസ്ഥാപനം നടത്തിയ ശേഷമുണ്ടായിട്ടുള്ള നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ; | (എ മുതൽ ഇ വരെ) | അമ്പലപ്പുഴ സർക്കാർ കോളേജ് കുഞ്ചുപിള്ള സ്മാരക സ്കൂളിൽ പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് സ്കൂൾ അധികൃതർ ചില തടസ്സങ്ങൾ ഉന്നയിക്കുന്നതായും ഉള്ള വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇക്കാര്യം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റേയും പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും മേലധികാരികളുടെ അഭിപ്രായം ആരാഞ്ഞ് വിശദമായി പരിശോധിക്കുന്നതാണ്. |
| (ബി) നിർമ്മാണം പൂർത്തീകരിക്കാൻ എത്രകാലം എടുക്കും എന്ന് വ്യക്തമാക്കുമോ; | | |
| (സി) കോളേജിന്റെ പ്രവർത്തനത്തെപ്പറ്റി വിലയിരുത്താൻ ബന്ധപ്പെട്ട എല്ലാവരുടേയും യോഗം വിളിച്ചുചേർക്കുമോ ; | | |
| (ഡി) കോളേജ് പ്രവർത്തിക്കുന്ന അമ്പലപ്പുഴ കുഞ്ചുപിള്ള സ്മാരക സ്കൂളിലെ അധികാരികൾ സർക്കാർ കോളേജിനെതിരെ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തുമോ ; | | |

(ഇ)

ഈ സ്കൂളിൽ അനുവദിച്ച സുനാമി കെട്ടിടനിർമ്മാണ ഫണ്ട് ദുർവിനിയോഗം ചെയ്തത് തിരികെ ലഭിച്ചിട്ടുണ്ടോ; അതിന്റെ വിവരങ്ങൾ നൽകുമോ;

(എഫ്) കോളേജിന്റെ സുഗമമായ പ്രവർത്തനം പുതിയ കെട്ടിടം നിർമ്മിച്ച് അവിടേയ്ക്കു മാറ്റുന്നതുവരെ എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(എഫ്) കോളേജിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ഇപ്പോൾ പ്രവർത്തിക്കുന്ന രീതിയിൽ കുഞ്ചുപിള്ള സ്മാരക സ്കൂൾവക കെട്ടിടത്തിൽ തുടർന്നു പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.